The Heavenly Light Ministry

കഷ്ടങ്ങൾ സാരമില്ല കണ്ണുനീർ സാരമില്ല
നിത്യതേജസ്സിൻ ഘനമോർത്തിടുമ്പോൾ
നൊടിനേരത്തേക്കുള്ള
കഷ്ടങ്ങൾ സാരമില്ല കണ്ണുനീർ സാരമില്ല

പ്രിയന്റെ വരവിൻ ധ്വനി മുഴങ്ങും
പ്രാക്കളെപോലെ നാം പറന്നുയരും
പ്രാണന്റെ പ്രിയനാം മണവാളനിൽ
പ്രാപിക്കും സ്വർഗ്ഗീയ മണിയറയിൽ — കഷ്ടങ്ങൾ

മണവാളൻ വരും വാനമേഘത്തിൽ
മയങ്ങാൻ ഇനിയും സമയമില്ല
മദ്ധ്യാകാശത്തിങ്കൽ മഹൽ ദിനത്തിൽ
മണവാട്ടിയായ് നാം പറന്നു പോകും — കഷ്ടങ്ങൾ

യുദ്ധവും ക്ഷാമവും ഭൂകമ്പങ്ങളും
യുദ്ധത്തിൻ ശ്രുതിയും കേൾക്കുന്നില്ലയോ
യിസ്രായേലിൻ ദൈവം എഴുന്നേള്ളുന്നേ
യേശുവിൻ ജനമേ ഒരുങ്ങുക നാം — കഷ്ടങ്ങൾ